**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3062** **01-03-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജക മണ്ഡലത്തിലൂടെയുള്ള തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ പുതുവൈപ്പിനിൽ നിന്നും ആരംഭിച്ച് LNG ജംഗ്ഷൻ വഴി വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡ് വഴി മുനമ്പം വരെ 26.7 കീമി ആണ് തീദേശ ഹൈവേ കടന്നു പോകുന്നത്. വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡ് വഴിയാണ് ഭൂരിഭാഗം തീരദേശ ഹൈവേ കടന്നുപോകുന്നത്. |
| (ബി) | പ്രസ്തുത തീരദേശ ഹൈവേ നിലവിലുള്ള വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിലൂടെയാണോ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ മണ്ഡലത്തിൽ പുതുവൈപ്പിനിൽ നിന്നും ആരംഭിച്ച് LNG ജംഗ്ഷൻ വഴി വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡ് വഴി മുനമ്പം വരെ 26.7 കീമി ആണ് തീദേശ ഹൈവേ കടന്നു പോകുന്നത്. വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡ് വഴിയാണ് ഭൂരിഭാഗം തീരദേശ ഹൈവേ കടന്നുപോകുന്നത്. |
| (സി) | തീരദേശ ഹൈവേയുടെ അലൈൻമെന്റ് വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിൽ നിന്നും വ്യതിചലിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വിശദമാക്കാമോ; തീരദേശ ഹൈവേയുടെ വീതി എത്രയായാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | എളങ്കുന്നപ്പുഴ വില്ലേജിൽ 600 മീറ്ററും നായരമ്പലം വില്ലേജിൽ 2 കി.മീ. ദൂരവും കുഴിപ്പിള്ളി ബ്ലോക്ക് 1 വില്ലേജിൽ 140 മീറ്റർ ദൂരവും വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിൽ നിന്നും വ്യതിചലിക്കുന്നു. തീരദ്ദേശ ഹൈവേയുടെ ഒരു വശത്ത് സൈക്കിൾ ട്രാക്ക് ഉള്ളിടത്ത് 14 മീറ്റർ വീതിയും ഇരുവശത്തും സൈക്കിൾ ട്രാക്ക് ഉള്ളിടത്ത് 16.5 മീറ്റർ വീതിയുമാണ് ഏജൻസി ആയ LNTIEL വിഭാവനം ചെയ്യുന്നത്. |
| (ഡി) | വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് 2016 ൽ NATPAC നടത്തിയ സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21.05.2017 ൽ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത റീച്ചിൽ ഡി.പി.ആർ നിർവഹണ ഏജൻസി ആയ LNTIEL തയ്യാറാക്കിയ സ്ഥലം ഏറ്റെടുക്കൽ പ്ലാൻ (LA plan) പ്രകാരം നേരത്തെ അംഗീകരിച്ച അലൈൻമെന്റിൽ വന്നിട്ടുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി, പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി സർക്കാർ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് വീടും സ്ഥലവും നഷ്ടമാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഇ) | തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നത് 2013 ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (THE RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT, 2013.) നിഷ്കർഷിക്കുന്ന പ്രകാരം സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ളവ നടത്തിയാണ്. അതിന് പുറമെ തീരദേശ ഹൈവേയുടെ പുനരധിവാസ, പുനസ്ഥാപന പ്രവർത്ത നങ്ങളുടെ എസ്.പി.വി ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KSCADC) നെ നിയമിച്ചിട്ടുണ്ട്. കല്ലിട്ട പ്രദേശങ്ങളിൽ KSCADC യുടെ നേതൃത്വത്തിൽ സാമൂഹിക സർവ്വേ നടന്നു വരുന്നു. തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ